കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

* 77 [119] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴിന പരിപാടി അനുസരിച്ച് ഉള്ള ''കമ്മ്യൂണിറ്റി ഹാൾ'' സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളാണ് പൂർത്തിയാക്കിയിട്ടുള്ളത്;

(ബി) എത്ര പഞ്ചായത്തുകളിൽ ഇനിയും പണി പൂർത്തിയാക്കാനുണ്ട്;

(സി) ഫണ്ടില്ലാത്ത പഞ്ചായത്തുകൾക്ക് ഇവ പൂർത്തിയാക്കുന്നതിനുവേണ്ട സാമ്പത്തിക സഹായം നൽകുമോ?

തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. സി.എം. സുന്ദരം):

(എ) 79 പഞ്ചായത്തുകൾ

(ബി) 58 പഞ്ചായത്തുകളിൽ.

(സി) പഞ്ചായത്തുകളുടെ സാമ്പത്തിക ശേഷി കണക്കിലെടുത്തുകൊണ്ട് ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള പരിധിയ്ക്ക് വിധേയമായി നൽകുന്നതാണ്.

(iii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

തൊഴിലില്ലായ്മ വേതനം

86 [283] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 ജനുവരി മുതൽ ജൂലൈ 31 വരെ സംസ്ഥാനത്ത് എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നൽകി;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ എത്രപേർക്ക് തൊഴിലില്ലായ്മ വേതനം അനുവദിച്ചു;

(ഡി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 86,252 പേർക്ക് തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു;

തിരുവനന്തപുരം	....	16,040
കൊല്ലം	....	8,113
പത്തനംതിട്ട	....	7
ആലപ്പുഴ	....	12,213
കോട്ടയം	....	15,539
ഇടുക്കി	....	5,432
എറണാകുളം	....	12,365
തൃശൂർ	....	2,823
പാലക്കാട്	....	1,335

LIBRARY ARCHIVES Kerala Legislative Assembly